**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3479 23-06-2014 ൽ മറുപടിക്ക്**

**ഗ്രൂപ്പുവഴക്കുകളുടെ ഭാഗമായി രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്സ്, യൂത്ത് കോൺഗ്രസ്സ്, കെ.എസ്.യു ഗ്രൂപ്പുവഴക്കുകളുടെ ഭാഗമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കോൺഗ്രസ്സ്, യൂത്ത് കോൺഗ്രസ്സ്, കെ.എസ്.യു ഗ്രൂപ്പുവഴക്കുകളുടെ ഭാഗമായി 43 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ കോൺഗ്രസ് - കേരളകോൺഗ്രസ്സ്, കോൺഗ്രസ്സ് - മുസ്ലീം ലീഗ് സംഘർഷത്തിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തെന്ന് വിശദമാക്കാമോ; | (ബി) ഈ കാലയളവിൽ കോൺഗ്രസ്സ് - മുസ്ലീം ലീഗ് സംഘർഷത്തിന്റെ പേരിൽ 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോൺഗ്രസ് - കേരള കോൺഗ്രസ്സ് സംഘർഷങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലുമായി എത്ര പ്രവർത്തകർക്ക് പരിക്കേറ്റെന്നും എത്രപേർ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടെന്നും എത്ര പേർ കൊലചെയ്യപ്പെട്ടെന്നും വിശദമാക്കാമോ. | (സി) മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലുമായി 66 പ്രവർത്തകർക്ക് പരിക്കേൽക്കുകയും ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സംഘർഷങ്ങളിൽ ആരും കൊലചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ